## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 368 — 16.03.2017-ൽ മറുപടിക്ക്.

### ഇതര സംസ്ഥാന തൊഴിലാളികളുടെ ജീവിത സാഹചര്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അനൂപ് ജേക്കബ്<br>,, റോജി എം. ജോൺ<br>,, എ.പി. അനിൽ കുമാർ<br>,, എം. വിൻസെന്റ് | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| ഇതര സംസ്ഥാന തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; തൊഴിലാളികളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദവിവരം നല്കാമോ? | പദ്ധതികളുടെ രൂപരേഖ തയാറായി വരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് 'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടു കൂടി ഇൻഷ്വറൻസ് പദ്ധതി മുഖേന ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പു വരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി ഡാറ്റാബാങ്ക് തയ്യാറാക്കാനും തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുവാനും കഴിയും. |

സെക്ഷൻ ഓഫീസർ